**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 982** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്കപാതയുടെ നിർമ്മാണ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പ്രഭാകരൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ച ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്കപാതയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുമോ;

**<u>മറുപടി:</u>** ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്കപാതയുടെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കും പ്രകാരമാണ്:-

**<u>സൗത്ത് പോർട്ടൽ</u>**

i. RHS & LHS ട്യൂബിലെ പോർട്ടൽ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തിയായി.

ii. ഭൂഗർഭ ടണലിംഗ് ജോലികൾ പുരോഗമിക്കുന്നു, വലതുവശത്തുള്ള (RHS) ട്യൂബിൽ 65 മീറ്റർ പൂർത്തിയായി, ജോലികൾ പുരോഗമിക്കുന്നു.

iii. LHS ട്യൂബിന്റെ കനോപ്പി ജോലികൾ നടക്കുന്നു. ഭൂഗർഭ ടണലിംഗ് ജോലികൾ ഉടൻ ആരംഭിക്കും.

**<u>നോർത്ത് പോർട്ടൽ</u>**

iv. 2.75 ലക്ഷം ക്യൂബിക് മീറ്ററിൽ ഏകദേശം 2.4 ലക്ഷം ക്യൂബിക് മീറ്റർ അളവിൽ 145 മീറ്റർ കട്ട് & കവർ ജോലികൾക്കായുള്ള കുഴിയെടുക്കൽ പൂർത്തിയായി.

v. ഭൂഗർഭ ടണലിംഗ് ജോലികൾക്കായി RHS ട്യൂബ് സുഗമമാക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നു.

**(ബി)** പദ്ധതിയ്ക്കായി കിഫ്ബി മുഖാന്തരം എത്ര തുകയാണ് അനുവദിച്ചത്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി ട്വിൻ ട്യൂബ് ടണൽ പദ്ധതിക്ക് ആകെ 2,134.5 കോടി രൂപയുടെ അംഗീകാരമുണ്ട്. ഭൂമി ഏറ്റെടുക്കൽ, വനം വകുപ്പിലേക്കുള്ള എൻ.പി.വി പേയ്മെന്റ്, ഇ.എം.പി ജോലികൾ, കരാറുകാരന് നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് എന്നിവയ്ക്കായി 240.3 കോടി രൂപ ഇതിനകം വിനിയോഗിച്ചു.

**(സി)** പദ്ധതി സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

**<u>മറുപടി:</u>** സംസ്ഥാന സർക്കാർ ഏജൻസികളുമായി ഏകോപനം നടത്തി പദ്ധതി സുഗമമായി മുന്നോട്ട് പോകുന്നു. പ്രസക്തമായ എല്ലാ അനുമതികളും ക്ലിയറൻസുകളും ലഭ്യമായിട്ടുണ്ട്.

**(ഡി)** പദ്ധതി പൂർത്തിയായാൽ വയനാട്ടിലേക്കുള്ള ഗതാഗത സൗകര്യത്തിൽ വരുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

**<u>മറുപടി:</u>** i. യാത്രാ സമയം 1.5 മണിക്കൂറും ദൂരം 22 കിലോമീറ്ററും കുറയും.

ii. കാലാവസ്ഥാ അതിജീവന ശേഷിയുള്ള മെച്ചപ്പെട്ട കണക്റ്റിവിറ്റി.

iii. വയനാട്ടിലെ താമസക്കാർക്ക് വൈദ്യസഹായം വേഗത്തിൽ ലഭ്യമാകും.

iv. കോഴിക്കോട്, മലപ്പുറം ജില്ലകളിലെ സമീപ കോളേജുകളിലേക്കും സ്കൂളുകളിലേക്കും വിദ്യാർത്ഥികൾക്ക് എളുപ്പത്തിൽ യാത്ര ചെയ്യാം.

v. തമിഴ്നാട്, കർണാടക തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ചരക്കുകളും നിർമ്മാണ സാമഗ്രികളും കുറഞ്ഞ ചിലവിൽ എത്തിക്കാം.

vi. തിരക്കേറിയ താമരശ്ശേരി ചുരം റോഡിന് ബദൽ മാർഗ്ഗം നൽകുന്നു.

vii. വിനോദസഞ്ചാരത്തിനും വ്യാപാരത്തിനും ഉത്തേജനം.

viii. വയനാട്ടിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള പ്രവേശനം വർദ്ധിപ്പിക്കുകയും പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു.

ix. ആധുനിക സുരക്ഷാ സംവിധാനങ്ങളിലൂടെയുള്ള യാത്ര: സുരക്ഷിതമായ യാത്രയ്ക്കായി വെന്റിലേഷൻ, അഗ്നിശമന യൂണിറ്റുകൾ, സിസിടിവി നിരീക്ഷണം എന്നിവ ഉൾപ്പെടുന്നു

x. വേഗത്തിലുള്ള ചരക്ക നീക്കം

xi. സമീപ സംസ്ഥാനങ്ങളിൽ നിന്നുള്ള ലോജിസ്റ്റിക്സ്, ഗതാഗത കാര്യക്ഷമത

**സെക്ഷൻ ഓഫീസർ**